**14.05.2021 ന് രാവിലെ 10 മണിക്ക് ജില്ലാ കളക്ടറുടെ ചേമ്പറിൽ നടന്ന DDMA MEETING ന്റെ മിനുട്ട് സ്**

അജണ്ട – കോവിഡ് പശ്ചാത്തലത്തിൽ സൈക്ലോൺ / മൺസൂൺ മുന്നൊരുക്കം

പങ്കെടുത്തവർ

1. ബഹു. മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ
2. ശ്രീമതി. കാനത്തിൽ ജമീല, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്
3. ശ്രീ ജോർജ്ജ് IAS ജില്ലാ പോലീസ് മേധാവി
4. ശ്രീ. മുകുന്ദ്, IAS ACUT
5. ശ്രീ. എം പി മോഹനചന്ദ്രൻ ACPSB Kozhikode City
6. ശ്രീ. മൂസ വടക്കേതിൽ District Fire Officer
7. ശ്രീമതി. ശാലു സുധാകരൻ EE Irrigation
8. ഡോ. ജയശ്രീ വി DMO (Health)
9. ശ്രീ. സുധീർ കിഷൻ DD Fisheries
10. ശ്രീ. സുനീർ വി Fisheries Extn Officer
11. ശ്രീ. സത്യൻ കെ കെ EE Minor Irrigation
12. ശ്രീ. രാജേഷ് ടി പി JS, DDP Office
13. ശ്രീമതി. സീമ ബി എസ് .Technical Asst. PAO
14. ഡോ. നവീൻ DPM

യോഗം കൃത്യം 10 മണിക്ക് ആരംഭിച്ചു. കോവിഡ് പശ്ചാത്തലത്തിൽ സൈക്ലോൺ/മൺസൂൺ കെടുതികൾ നേരിടുന്നതിന് നടത്തേണ്ട തയ്യാറെടുപ്പുകൾ , പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടുന്ന ഏരിയകൾ എന്നിവയെ കുറിച്ച് ബഹു . മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ ആമുഖമായി സംസാരിച്ചു. ചെയ്യേണ്ടുന്ന പ്രവർത്തനങ്ങളും തയ്യാറെടുപ്പുകളും ജില്ലാകളക്ടർ ഘട്ടംഘട്ടമായി വിശദീകരിച്ചു.

ജില്ലയെ ആകെ Low line areas, Flood prone areas, Land slide prone areas എന്നിങ്ങനെ തരം തിരിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതാണ് . LSGI തലത്തിൽ ക്യാമ്പുകൾ തയ്യാറാക്കേണ്ടതും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ആളുകളെ മാറ്റുന്നതിന് മുമ്പായി ടെസ്റ്റ് നടത്തി പോസിറ്റീവ് കേസുകൾ Domicile Care Center / FLTC കളിലേക്കും സമ്പർക്കത്തിലുള്ളവരെയും അല്ലാത്തവരെയും പ്രത്യേകം പ്രത്യേകം ക്യാമ്പുകളിലേക്ക് മാറ്റിപാർപ്പിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചു. LSGI തലത്തിൽ തയ്യാറാക്കുന്ന ക്യാമ്പുകളുടെ മേൽനോട്ടത്തിനായി വാർഡ് മെമ്പർ, LSGI പ്രതിനിധി, വില്ലേജ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട Camp Management Committee-യെ നിയോഗിക്കേണ്ടതാണ്. Covid Test ചെയ്യുന്നതിനായി Mobile Testing Unit നെ തയ്യാറാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി . ആളുകളെ മാറ്റി പാർപ്പിക്കാൻ ആവശ്യമായ വാഹന സൗകര്യം KSRTC ഉറപ്പ് വരുത്തേണ്ടതാണ്.

Costal Area Mitigation Works (Long Term/Short Term) ഏകോപനത്തിനായി EE Major irrigation നെ ചുമതലപ്പെടുത്തി . നിലവിൽ ചെയ്തു കൊണ്ടിരിക്കുന്ന വർക്കുകൾ എത്രയും വേഗത്തിൽ തീർക്കേണ്ടതും പുതിയവ ഉടൻ ആരംഭിക്കേണ്ടതുമാണ്.

ഹോസ്പിറ്റലുകളിൽ തടസ്സമില്ലാത്ത പവർ സപ്ലൈ KSEB ഉറപ്പുവരുത്തേണ്ടതാണ്. ആവശ്യമെങ്കിൽ 2 ഫീഡർ സംവിധാനവും ജനറേറ്റർ അവൈലബിലിറ്റിയും ഉറപ്പാക്കേണ്ടതാണ്. കൂടാതെ ഓക്സിജൻ പ്ലാന്റുകളിലെ പവർ സപ്ലൈയും തടസ്സമില്ലാതെ നടത്തുന്നതിനു KSEB ക്ക് നിർദ്ദേശം നൽകി.

മത്സ്യത്തൊഴിലാഴികൾ കടലിൽ പോകുന്നത് തടയുന്നതിനും അവർക്ക്

സമയാസമയം മുന്നറിയിപ്പുകൾ നല്കുന്നതിനും, ജീവൻരക്ഷാ ബോട്ടുകൾ തയ്യാറാക്കി നിർത്തുന്നതിനും RTO യുടെ സഹായത്തോടെ ആവശ്യമുള്ള പക്ഷം ബോട്ടുകൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിനും Deputy Ditrector of Fisheries -നെ ചുമതലപ്പെടുത്തി. മുന്നറിയിപ്പ് ലംഘിച്ച് കടലിൽ പോകുന്നവർക്കെതിരെ നിയമനടപടികൾക്കായി പ്രസ്തുത വിവരം Deputy Ditrector of Fisheries പോലീസിനെ അറിയിക്കേണ്ടതും മേൽ ബോട്ടിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കോസ്റ്റ് ഗാർഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ Deputy Ditrector of Fisheries ഏകോപിപ്പിക്കേണ്ടതാണ്.

ജില്ലയിൽ നിയോഗിച്ച NDRF ടീം -ന്റെ താമസ/യാത്ര/ഭക്ഷണ സൗകര്യങ്ങൾ ഡെപ്യൂട്ടി കളക്ടർ (DM) ഏകോപിപ്പിക്കേണ്ടതാണ്.

വളണ്ടീയർമാരെ ഏരിയ തിരിച്ച് വിന്യസിക്കുന്നതിനും ജിവൻ രക്ഷാ ഉപകരണങ്ങൾ സജ്ജമാക്കുന്നതിനും അവ യഥാസമയം സൈറ്റിൽ ലഭ്യമാക്കുന്നതിനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ജില്ലാ ഫയർ ഓഫീസറെ ചുമതലപ്പെടുത്തി. മേൽ വിവരങ്ങൾ പോലീസിനെ യഥാസമയങ്ങളിൽ അറിയിക്കേണ്ടതാണ്.

വകുപ്പുകളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും കൈവശം ഉള്ള ഭൂമിയിലെ അപകടകരമായ മരങ്ങളും മരചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റേണ്ടതും ഇതിനുള്ള ഫണ്ട് വകുപ്പുകൾ സ്വന്തമായി കണ്ടെത്തേണ്ടതുമാണ് . കൂടാതെ അപകടകരമെന്നും അടിയന്തിരമായി മാറ്റേണ്ടത് എന്നും കണ്ടെത്തുന്ന മരങ്ങളും , മരചില്ലകളും, പ്രാദേശികമായി അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവർ അടങ്ങുന്ന സമിതിയുടെ ശുപാർശക്ക് വിധേയമായി മുറിക്കുന്നതിന് അതത് തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിയെ ചുമതലപ്പെടുത്തി.

കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ SE KWA ഏകോപിപ്പിക്കേണ്ടതാണ്.

ജില്ലയിൽ SDRF ഫണ്ട് ഉപയോഗിച്ച് 1,67,36,400/- രൂപയ്ക്ക് 13 വെന്റിലേറ്റർ വാങ്ങിയിട്ടുണ്ട്. ആയതിന് പുറമെ ജില്ലയിലെ കേസുകൾ 75000 ആകാനുള്ള സാധ്യത മുന്നിൽ കണ്ട് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ജില്ലയിൽ 20 വെന്റിലേറ്റർ ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് വാങ്ങുന്നതിനായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ തയ്യാറായിട്ടുള്ളതാണ്. LSGI -2, മുൻസിപ്പാലിറ്റീസ് -5 കോർപ്പറേഷൻ -25 എന്നിങ്ങനെ കോൺസെൻട്രേറ്റർസും LSGI -200, മുൻസിപ്പാലിറ്റീസ് -500 കോർപ്പറേഷൻ -2000 എന്നിങ്ങനെ പൾസ് ഓക്സി മീറ്ററും ജില്ലാ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് വാങ്ങുന്നതിനായി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വർക്ക് ഓർഡർ അനുവദിക്കുന്നതിനായി ജില്ലാമെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി. ഇക്കാര്യത്തിനായി ജില്ലാമെഡിക്കൽ ഓഫീസർ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഫണ്ട് ഇടപാടുകൾ മേൽ അക്കൗണ്ട് മുഖേന നടത്തേണ്ടതുമാണ്. ഡെപ്യൂട്ടി കലക്ടർമാരെയും തഹസിൽദാർമാരെയും നിലവിൽ തന്നെ ചാർജ്ജ് ഓഫീസർമാരായി നിയോഗിച്ചിട്ടുള്ളതാണ്.

യോഗം കൃത്യം 10.45 am ന് അവസാനിച്ചു.

ജില്ലാ കളക്ടർ